**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2378** **12-02-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരിച്ചതിൽ കർഷകർക്ക് ലഭിക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒന്നാംവിള നെല്ല് സംഭരിച്ചതിൽ ഇനി എന്തു തുകയാണ് കർഷകർക്ക് നൽകാനുള്ളത്; ആകെ എത്ര കർഷകർക്കാണ് സംഭരണ തുക ലഭിക്കാനുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2023-24 ഒന്നാംവിള സീസണിൽ 54531 കർഷകരിൽ നിന്നും 135385 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിൽ 383.41 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ട്. ഇതിൽ 53316 കർഷകർക്ക് 375.82 കോടി രൂപ നൽകുന്നതിനായി ലിസ്റ്റ് ബാങ്കിന് കൈമാറിയതിൽ നിന്നും 34758 കർഷകർ 261.63 കോടി രൂപ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇനിയും സംഭരണ വില ലഭിക്കാത്ത കർഷകർക്ക് എന്നത്തേയ്ക്ക് തുക നൽകുവാൻ സാധിക്കും എന്ന് അറിയിക്കാമോ? | (ബി) | **ഇനിയും നെല്ലിന്റെ വില ലഭിക്കുവാനുള്ള കർഷകർക്ക് 2024 ഫെബ്രുവരി മാസം തന്നെ തുക കൊടുത്തുതീർക്കുവാനുള്ള നടപടികൾ തുടർന്നുവരുന്നു.** |

സെക്ഷൻ ഓഫീസർ